"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോമൺപൂൾ ലൈബ്രറി സർവീസ് - ജീവനക്കാര്യം - മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഗ്രേഡ് III ലൈബ്രേറിയനായ ശ്രീ.ഉനൈസ് കെ.എ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A(EKM)No.557/2025 കേസിലെ വിധിന്യായം നടപ്പിലാക്കി കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**ഉന്നത വിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.808/2025/HEDN തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-

1. 25/02/2017-ലെ ജി.ഒ.(പി) നം. 3/2017/പി&എ.ആർ.ഡി.
2. 16.07.2020-ലെ ജി.ഒ.(കൈ) നം. 256/2020/ഉ.വി.വ.
3. 27.01.2021 ലെ ജി.ഒ.(ആർ.ടി) നം. 147/2021/ഉ.വി.വ.
4. 29.02.2025 ലെ ജി.ഒ.(ആർ.ടി) നം. 296/2024/ഉ.വി.വ.
5. 29.03.2025 ലെ ജി.ഒ.(ആർ.ടി) നം. 418/2025/ഉ.വി.വ.
6. 04.04.2025-ലേയും 11.06.2025-ലേയും ശ്രീ. ഉനൈസ് കെ.എ-യുടെ അപേക്ഷകൾ.
7. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലൽ മുൻപാകെ ഫയൽ ചെയ്ത O.A(EKM)No.557/2025 കേസിലെ 23.04.2025 ലെ വിധിന്യായം.
8. 10.06.2025-ലെ കോട്ടയം, ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഗ്രേഡ് III ലൈബ്രേറിയൻ ശ്രീ.മനോജ്. കെ.ബി-യുടെ അപേക്ഷ.
9. 12.06.2025-ലെ ഇടുക്കി, മുട്ടം ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ ഗ്രേഡ് III ലൈബ്രേറിയൻ ശ്രീമതി.നീതു.എസ്-ന്റെ അപേക്ഷ.
10. 12.06.2025-ലെ കോതമംഗലം ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ, ഗ്രേഡ് III ലൈബ്രേറിയൻ ശ്രീ.അജേഷ്.ഇ.എസ്-ന്റെ അപേക്ഷ.
11. 12.06.2025-ലെ തൃശ്ശൂർ, കൊരട്ടി ഗവൺമെന്റ് പോളിടെക്നിക്ക് കോളേജിലെ ഗ്രേഡ് III ലൈബ്രേറിയൻ ശ്രീമതി. നിസ്സി സാമുവൽ-ന്റെ അപേക്ഷ.

<u>ഉത്തരവ്</u>

കോമൺപൂൾ ലൈബ്രറി സർവ്വീസിൽ, മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഗ്രേഡ് III ലൈബ്രേറിയനായ ശ്രീ.ഉനൈസ് കെ.എ സ്ഥലമാറ്റം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A(EKM)No.557/2025 കേസിലെ 23-04-2025 ലെ പരാമർശം (7) ഉത്തരവിൽ ശ്രീ.ഉനൈസ് സമർപ്പിച്ച 04/04/2025 ലെ പരാമർശം (6) അപേക്ഷ പരിശോധിച്ച് അപേക്ഷകനേയും കേസിൽ ബാധകമായ എതിർകക്ഷികളെയും നേരിൽ കേട്ട് രണ്ടു മാസത്തിനുള്ളിൽ തീരുമാനങ്ങൾ കൈകൊള്ളാൻ ഒന്നാം എതിർകക്ഷിയായ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു.

2. ഏറണാകുളം, മൂവാറ്റുപ്പുഴ സ്വദേശിയായ ശ്രീ. ഉനൈസിനു പരാമർശം (4) ഉത്തരവ് പ്രകാരം ഗ്രേഡ് III ലൈബ്രേറിയൻ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകി മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ നിയമിച്ചിരുന്നു. സ്വദേശത്തു നിന്നും വിദൂര ജില്ലയിലുള്ള സർവ്വീസ് അസൗകര്യമായതിനാൽ, പ്രായമായ മാതാപിതാക്കളുടേയും കുട്ടികളുടേയും സംരക്ഷണം, ദുർഘട മേഖലയായ ഇടുക്കി ജില്ലയിലെ മൂന്നാർ സർക്കാർ കോളേജിലെ ഒരു വർഷത്തെ സർവ്വീസ്, എന്നിവ കണക്കിലെടുത്ത് തന്റെ ഹോം സ്റ്റേഷനായ ഏറണാകുളത്തിന്റെ സമീപ ജില്ലകളായ കോതമംഗലം ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, ഇടുക്കി, മുട്ടം ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്നിവടങ്ങളിൽ 2025 ൽ നിലവിൽ വരുന്ന ലൈബ്രേറിയൻ ഗ്രേഡ് III തസ്തികയിലെ ഒഴിവിൽ സ്ഥലമാറ്റം നൽകണമെന്ന 04/02/2025 ലെ അപേക്ഷ പരിഗണിക്കാതെ പരാമർശം (5) ഉത്തരവ് പ്രകാരം താൻ ആവശ്യപ്പെട്ടിരുന്ന സ്റ്റേഷനുകളിൽ ഒരേ ജില്ലയിലോ സമീപ ജില്ലകളിലോ തന്നെ 6 വർഷത്തിലധികമായി തുടരുന്ന എതിർ കക്ഷികളെ സ്ഥാനക്കയറ്റം നടത്തി ഒഴിവുകൾ നികത്തിയെന്നും, ഇത് നിലവിലുള്ള സ്ഥലമാറ്റ മാനദണ്ഡങ്ങളുടെ ലംഘനമാണെന്നും, തനിക്ക് അർഹതപ്പെട്ട സ്ഥലമാറ്റം നൽകണമെന്നും, ശ്രീ.ഉനൈസ് 04/04/2025 ലെ പരാമർശം (6) അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല ടിയാന്റ ഭാര്യ ഏറണാകുളം ജില്ലയിലെ മണിമലക്കുന്ന് ഗവൺമെന്റ് കോളേജിലെ ഗ്രേഡ്IV ലൈബ്രേറിയനാണെന്നും, ഭാര്യക്കും ഭർത്താവിനും ഒരേ സ്റ്റേഷനിൽ തന്നെ ജോലി ചെയ്യുന്നതിന് സുഗമമാക്കുന്ന സ്ഥലം മാറ്റം നൽകണമെന്ന പരാമർശം (1) പ്രകാരമുള്ള സ്ഥലമാറ്റ മാനദണ്ഡങ്ങളിലെ clause 10(xii) പ്രകാരമുള്ള പരിരക്ഷയ്ക്ക് തനിക്ക് അർഹതയുണ്ടെന്നും തനിക്ക് അർഹതപ്പെട്ട സ്ഥലമാറ്റം നൽകണമെന്നും, പരാമർശം (6) അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

3. പരാമർശം (7) കോടതി വിധിയുടെ അടിസ്ഥാനത്തിൽ അപേക്ഷകനായ ശ്രീ.ഉനൈസിനേയും, കേസിൽ ബാധിക്കുന്ന 3 മുതൽ 6 വരെ എതിർകക്ഷികളായ ഗ്രേഡ് III ലൈബ്രേറിയൻമാരായ ശ്രീ.അജേഷ്. ഇ.എസ്, ഗവൺമെന്റ് പോളിടെക്നിക്ക് കോതമംഗലം, ശ്രീമതി.നീതു.S , ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് മുട്ടം, ഇടുക്കി, ശ്രീ.മനോജ്. K.B, ഗവൺ മെന്റ് മെഡിക്കൽ കോളേജ്,കോട്ടയം, ശ്രീമതി നിസ്സി സാമുവൽ , ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ് കൊരട്ടി, തൃശ്ശൂർ എന്നിവരെ 11/06/2025 ൽ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിൽ ശ്രീ.യുനൈസ് പരാമർശം (6) അപേക്ഷയിലെ ആവശ്യം ആവർത്തിച്ചു. ശ്രീ. യുനൈസ് 2024 ലെ സ്പാർക്ക് മുഖേനയുള്ള ഓൺ ലൈൻ പൊതു സ്ഥലം മാറ്റത്തിനു അപേക്ഷിച്ചിരുന്നുവെങ്കിലും ടിയാൻ നൽകിയ ഓപ്ഷനുകളിൽ ഒരിടത്തും ഒഴിവില്ലാത്തതിനാൽ പരിഗണിക്കപ്പെട്ടില്ലെന്നും, എന്നാൽ രണ്ടു മാസത്തിനു ടിയാൻ പൊതു സ്ഥലം മാറ്റത്തിൽ ആദ്യ ഓപ്ഷനായി അപേക്ഷിച്ചിരുന്ന കോതമംഗലം ചേലാട് പോളി ടെക്നിക്കിൽ ഒഴിവുണ്ടായി എന്നും, എന്നാൽ പ്രസ്തുത സ്റ്റേഷനിൽ കേസിലെ എതിർ കക്ഷിയായ ജൂനിയറായ ശ്രീ. അജേഷ് ഇ.എസ് -നു സ്ഥാനക്കയറ്റം നൽകി നിയമിച്ചുവെന്നും സീനിയറായ തനിക്ക് പ്രസ്തുത സ്ഥാപനത്തിലേക്ക് സ്ഥലം മാറ്റ മാനദണ്ഡങ്ങൾ പ്രകാരം അർഹതയുണ്ടെന്നും ശ്രീ.ഉനൈസ് ഹിയറിങ് വേളയിൽ സമർപ്പിച്ച 11/06/2025-ലെ പരാമർശം (5) അപേക്ഷയിൽ അറിയിച്ചിട്ടുണ്ട്. മാത്രമല്ല ഉയർന്ന തസ്തികയിലേക്ക് പ്രൊമോഷൻ ലഭ്യമാകുന്ന അവസരത്തിൽ തനിക്ക് ഹോം സ്റ്റേഷനിലോ സമീപ ജില്ലകളിലോ നിയമനം ലഭ്യമാകാൻ സാധ്യതയില്ല എന്നും, ഈ സാഹചര്യത്തിൽ നിലവിലുള്ള തസ്തികയിൽ സൗകര്യപ്രദമായ പോസ്റ്റിങ്ങ് ലഭ്യമാകണമെന്നും അറിയിച്ചു.

4. കേസിലെ മറ്റ് എതിർകക്ഷികളെല്ലാം തങ്ങളെ നിലവിലുള്ള സ്റ്റേഷനിൽ തുടരാൻ അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചു. അഞ്ചാം എതിർകക്ഷിയായ മനോജ് കോട്ടയം ജില്ലയിലാണ് സർവ്വീസ് ആരംഭിച്ചതെന്നും നിലവിലും പ്രസ്തുത ജില്ലയിൽ തന്നെയാണ് തുടരുന്നത് എന്നും തനിക്ക് വിരമിക്കാൻ 3 വർഷം സർവ്വീസ് മാത്രമാണ് ബാക്കിയുള്ളതെന്നും തന്നെ നിലവിലുള്ള സ്റ്റേഷനിൽ നിലനിർത്തണമെന്നും അപേക്ഷിച്ചു. നാലാം എതിർകക്ഷിയായ ശ്രീമതി. നീതു.എസ്.നാഥ് ദുർഘട മേഖലയിൽ ഉള്ള തന്റെ ഹോം സ്റ്റേഷനായ ഇടുക്കി ജില്ലയിൽ തന്നെ സർവ്വീസ് ആരംഭിക്കുകയും നിലവിലും പ്രസ്തുത ജില്ലയിൽ തന്നെയാണ് തുടരുന്നതെങ്കിലും, തന്റെ വീട്ടിൽ നിന്നും ഏകദേശം 50 കിലോമീറ്ററിൽ അധികം ദൂരമുള്ള സ്ഥലത്താണ് നിലവിൽ ജോലി ചെയ്യുന്നതെന്നും അറിയിച്ചു. ആറാം എതിർ കക്ഷിയായ നിസ്സി സാമുവേൽ കോട്ടയം സ്വദേശി ആണെങ്കിലും നിലവിൽ ജോലി ചെയ്യുന്നത് തൃശ്ശൂർ ജില്ലയിലാണെന്നും അറിയിച്ചു. മൂന്നാം എതിർകക്ഷിയായ ശ്രീ. അജേഷ് മാത്ര

ജില്ലയിലാണ് സേവനം അനുഷ്ഠിക്കുന്നതെങ്കിലും തന്റെ വീട്ടിൽ നിന്നും 60 KM ദൂരത്താണ് ഓഫിസ് എന്ന് അറിയിച്ചിട്ടുണ്ട്.

5. ശ്രീ.ഉനൈസും എതിർകക്ഷികളും സമർപ്പിച്ച പരാമർശം (6), (8), (9), (10) & (11) അപേക്ഷകൾ വിശദമായി പരിശോധിച്ചു. 2019 ൽ കോമൺ പൂൾ ലൈബ്രറി സർവ്വീസിൽ സേവനമാരംഭിച്ച ശ്രീ. ഉനൈസ് 25/07/2019 മുതൽ 28/01/2021 വരെ മാതൃ ജില്ലയിൽ തന്നെയുള്ള ഏറണാകുളം ഡയറ്റിൽ 1½ വർഷവും 29/01/2021 മുതൽ 31/01/2022 വരെ ദുർഘടമേഖലയായ ഇടുക്കി ജില്ലയിലെ മൂന്നാർ ഗവ. കോളേജിൽ 1 വർഷവും 01/02/2022 മുതൽ 22/08/2023 വരെ മാതൃ ജില്ലയിൽ തന്നെയുള്ള ഏറണാകുളം ഗവ. മെഡിക്കൽ കോളേജിൽ 1½ വർഷവും തുടർന്ന് 24/08/2023 മുതൽ 02/05/2024 വരെ (8.5 മാസം) തൃശ്ശൂർ ഗവ ഫൈൻ ആർട്ട്സ് കോളേജിലുമാണ് സേവനമനുഷ്ഠിച്ചത്. തുടർന്ന് ടിയാന് ഗ്രേഡ് III ലൈബ്രേറിയൻ തസ്തികയിൽ പ്രൊമോഷൻ ലഭിച്ച മഞ്ചേരി ഗവ. മെഡിക്കൽ കോളേജിൽ നിയമിക്കുകയും 09/05/2024 മുതൽ പ്രസ്തുത സ്റ്റേഷനിൽ തുടരുകയും ചെയ്യുന്നു.

6. 2019 ൽ കോമൺ പൂൾ ലൈബ്രറി സർവീസിൽ ഗ്രേഡ് I V ലൈബ്രേറിയൻ തസ്തികയിൽ നിയമിതനായ ശ്രീ ഉനൈസ് 2024 വരെയുള്ള 5 വർഷ കാലയളവിനുള്ളിൽ 3 വർഷത്തോളം തന്റെ മാതൃ ജില്ലയായ എറണാകുളത്തും ബാക്കി ഉള്ള സർവീസ് എറണാകുളത്തിന് സമീപ ജില്ലകളായ തൃശ്ശൂർ, ഇടുക്കി എന്നിവടങ്ങളിലുമായിരുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. 29/01/2021 മുതൽ 31/01/2022 വരെ ദുർഘടമേഖലയായ മൂന്നാറിൽ ഒരു വർഷം മാത്രമാണ് സർവീസുള്ളത് നിലവിൽ, ഏറണാകുളം ജില്ലയിലെ മണിമലക്കുന്ന് ഗവൺമെന്റ് കോളേജിലെ ഗ്രേഡ് IV ലൈബ്രേറിയനായ ശ്രീ ഉനൈസിന്റെ ഭാര്യ ശ്രീമതി അൻസിയ നവാസിന് 2020ൽ കോമൺ പൂൾ ലൈബ്രറി സർവീസിൽ ഗ്രേഡ് I V ലൈബ്രേറിയൻ തസ്തികയിൽ മൂന്നാർ ഗവ കോളേജിൽ നിയമനം ലഭിച്ചപ്പോൾ , എറണാകുളം ജില്ലയിൽ കുറുപ്പംപടി ഡയറ്റിൽ തുടർന്നിരുന്ന ശ്രീ ഉനൈസും ഭാര്യയും സംയുക്തമായി mutual ട്രാൻസ്ഫറിന് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് ശ്രീ ഉനൈസിനു ദുർഘടമേഖലയിലുള്ള മൂന്നാർ ഗവ. കോളേജിലേക്ക് പരാമർശം (3) പ്രകാരം സ്ഥലം മാറ്റം നൽകിയത്. 29/01/2021 മുതൽ 31/01/2022 വരെ ദുർഘടമേഖലയായ മൂന്നാറിൽ ഒരു വർഷം സർവ്വീസിന് ശേഷം ടിയാന് മാതൃ ജില്ലയിൽ തന്നെ നിയമനം ലഭ്യമായിട്ടുമുണ്ട്. തുടർന്ന്, 2023 ൽ ടിയാനെ ഭരണ സൗകര്യാർത്ഥം ആലപ്പുഴ ജില്ലയിലെ ഡയറ്റിലേക്കു സ്ഥലം മാറ്റിയെങ്കിലും ടിയാൻ പ്രസ്തുത സ്റ്റേഷനിൽ സേവനമനുഷ്ഠിക്കാതെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ കേസ് ഫയൽ ചെയ്ത് സ്റ്റേ നേടുകയും , തുടർന്ന് ഹോം സ്റ്റേഷന് സമീപ ജില്ലയായ തൃശ്ശൂർ ജില്ലയിലെ

തൃശ്ശൂർ ഗവ. ഫൈൻ ആർട്ട്സ് കോളേജിലേക്കു സ്ഥലമാറ്റം നേടുകയും ചെയ്തു. ടിയാന് ലൈബ്രേറിയൻ ഗ്രേഡ് III തസ്തികയിലേയ്ക്ക് പ്രൊമോഷൻ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി ഗവ. മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന ഒഴിവിൽ 29/02/2024 ലെ പരാമർശം (4) ഉത്തരവ് പ്രകാരം നിയമിക്കുകയും ടിയാൻ 09/05/2024 മുതൽ പ്രസ്തുത തസ്തികയിൽ തുടർന്നു വരികയും ചെയ്യുന്നു. ടിയാൻ നിലവിലുള്ള സ്റ്റേഷനിൽ ഒരു വർഷം പൂർത്തിയാകുന്നതിന് മുമ്പ് തന്നെ തനിക്ക് സൗകര്യപ്രദമായ സ്റ്റേഷനിലേയ്ക്ക് സ്ഥലമാറ്റം ലഭ്യമാക്കാനായി കേസ് ഫയൽ ചെയ്യുകയാണ് ഉണ്ടായത്.

7. കേസിലെ എതിർ കക്ഷിയായ ശ്രീ.മനോജ്, ശ്രീമതി നീതു. എസ്. നാഥ് എന്നിവർ ഒഴികെയുള്ളവർക്കെല്ലാം വിവിധ ജില്ലകളിൽ സർവ്വീസ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ശ്രീമതി നീതു തന്റെ ഹോം സ്റ്റേഷനും ദുർഘട മേഖലയിലുള്ളതുമായ ഇടുക്കി ജില്ലയിൽ തുടരുന്നുവെങ്കിലും ടിയാന്റെ വീട്ടിൽ നിന്നും ഏറെ ദൂരമുള്ള സ്ഥലത്താണ് ജോലി ചെയ്യുന്നത്. മേൽ സാഹചര്യത്തിൽ ടിയാൾക്ക് വനിതാ ജീവനക്കാരി എന്ന പരിഗണന നൽകി കൂടുതൽ ദൂരെയുള്ള സ്ഥലത്തേക്ക് മാറ്റാതെ നിലവിലുള്ള സ്റ്റേഷനിൽ നിലനിർത്തേണ്ടതുണ്ട്. ഉദ്യോഗത്തിൽ നിന്നും വിരമിക്കാൻ ഏകദേശം 3 വർഷം സർവ്വീസ് മാത്രമുള്ള എതിർ കക്ഷിയായ മനോജിനെ കോട്ടയം ജില്ലയിൽ നിന്നും സ്ഥലം മാറ്റി വിരമിക്കാൻ ഏകദേശം 12 വർഷത്തോളം സർവ്വീസുള്ള ശ്രീ.ഉനൈസിന് പ്രസ്തുത സ്റ്റേഷനിൽ നിയമിക്കാനുള്ള അടിയന്തര സാഹചര്യം നിലവിലില്ല.

8. ഉന്നത വിദ്യാഭ്യാസ വകുപ്പിലെ കോമൺ പൂൾ ലൈബ്രറി സർവീസിലെ പൊതു സ്ഥലംമാറ്റം പരാമർശം (2) ഉത്തരവ് പ്രകാരം സ്പാർക്ക് മുഖേനയുള്ള ഓൺലൈൻ സംവിധാനത്തിലൂടെയാണ് നടത്തുന്നത്. പൊതു സ്ഥലം മാറ്റ മാനദണ്ഡങ്ങൾ അനുസരിച്ച് അപേക്ഷിക്കുന്ന ഓഫീസുകളിൽ തുറന്ന ഒഴിവോ റീപ്ലേസ്മെന്റ് ഒഴിവോ ഉണ്ടെങ്കിൽ മാത്രമേ അപേക്ഷകന്റെ അർഹത പരിഗണിച്ച് സ്ഥലം മാറ്റം ലഭിക്കുകയുള്ളൂ. ശ്രീ ഉനൈസ് പൊതു സ്ഥലം, മാറ്റത്തിന് ഓപ്റ്റ് ചെയ്തിരുന്ന കോതമംഗലം പോളി ടെക്നിക്കിൽ സ്പാർക്ക് മുഖേനയുള്ള സ്ഥലം മാറ്റ പ്രക്രിയ നടത്തുന്ന വേളയിൽ ഒഴിവുകൾ നിലവില്ലായിരുന്നു. പിന്നീട് ഉണ്ടായ ഒഴിവ് 2025 ൽ സ്ഥാന കയറ്റം മുഖേന നികത്തുകയാണുണ്ടായത്. മാത്രമല്ല ശ്രീ. ഉനൈസിനു സ്ഥലം മാറ്റ മാനദണ്ഡങ്ങൾ പ്രകാരം നിലവിലുള്ള സ്റ്റേഷനിൽ 3 വർഷ സർവീസ് പൂർത്തിയായിട്ടുമില്ല. കോമൺ പൂൾ ലൈബ്രറി സർവീസിലെ ഗ്രേഡ് III തസ്തികകൾ പ്രധാനമായും പോളി ടെക്നിക്കുകളിലും, മെഡിക്കൽ കോളേജുകളിലുമാണ് നിലവിലുള്ളത്. ഗ്രേഡ് IV തസ്തികകളുടെ നേർ പകുതി തസ്തികകൾ മാത്രമേ ഗ്രേഡ് IIIയിൽ നിലവിലുള്ളൂ. അത് കൊണ്ട് തന്നെ ഉദ്യോഗസ്ഥരുടെ താല്പര്യർത്ഥം ഉള്ള

സ്റ്റേഷനുകളിൽ പോസ്റ്റിങ് ലഭ്യമാക്കാൻ സാധിക്കുകയില്ല

9. ശ്രീ. ഉനൈസ് നിലവിൽ ജോലി ചെയ്യുന്ന മഞ്ചേരി മെഡിക്കൽ കോളേജിൽ ടിയാന് ഒരു വർഷ സർവീസ് മാത്രമാണുള്ളത്. ടിയാൻ സ്ഥലം മാറ്റം ആവശ്യപ്പെട്ടിരിക്കുന്ന ഒരു സ്റ്റേഷനിലും നിലവിൽ ഒഴിവുകൾ ഇല്ല. മാത്രമല്ല ശ്രീ. ഉനൈസിന് പരാമർശം (1) ഉത്തരവ് പ്രകാരമുള്ള അനുകമ്പാർഹമായ കാരണങ്ങളോ, പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതോ അല്ല. അപേക്ഷകൻ നിലവിലെ സ്റ്റേഷനിൽ 3 വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ പൊതു സ്ഥലമാറ്റത്തിന് അർഹത നേടുന്നുള്ളു.

10. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. സംസ്ഥാനടിസ്ഥാനത്തിൽ നിയമനം നടത്തുന്ന കോമൺപൂൾ ലൈബ്രറി സർവ്വീസിൽ ഓഫീസിന്റെ കാര്യക്ഷമതയ്ക്കും സുഗമമായ പ്രവർത്തനത്തിനും ഭരണപരമായ സൗകര്യത്തിന് വിധേയമായി ഒരു ജീവനക്കാരനെ നിയമിക്കാനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. മേൽ സാഹചര്യത്തിൽ പരാമർശം (4) ഉത്തരവ് പ്രകാരം ലൈബ്രേറിയൻ ഗ്രേഡ് III തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ച് മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജിൽ 09/05/2024 മുതൽ സേവനത്തിൽ പ്രവേശിച്ച ഒരു വർഷം മാത്രം സർവ്വീസുള്ള ശ്രീ.ഉനൈസിന് തന്റെ മാതൃ ജില്ല/സമീപ ജില്ലയിൽ നിലവിലുള്ള സ്റ്റേഷനുകളിൽ സ്ഥലമാറ്റം നൽകണമെന്ന പരാമർശം (6) അപേക്ഷയിലെ ആവശ്യം നിരസിച്ചു കൊണ്ടും ടിയാൻ ആവശ്യപ്പെട്ട സ്റ്റേഷനുകളിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് നിലവിലുള്ള സ്ഥലമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി മറ്റ് പൊതു സ്ഥലമാറ്റ അപേക്ഷകളോടൊപ്പം ടിയാന്റെ അപേക്ഷ പരിഗണിക്കുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അപേക്ഷകനെ അറിയിച്ചു കൊണ്ടും ശ്രീ. ഉനൈസ് കെ.എ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത O.A(EKM) No.557/2025 കേസിലെ പരാമർശം (7) വിധിന്യായത്തിലെ നിർദ്ദേശം പാലിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സംഗീത എസ്
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ശ്രീ. ഉനൈസ് കെ.എ, ഗ്രേഡ് III ലൈബ്രേറിയൻ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി.

ശ്രീ. അജേഷ്. ഇ.എസ്, ഗ്രേഡ് III ലൈബ്രേറിയൻ, ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കോതമംഗലം.

ശ്രീമതി. നീതു.എസ്, ഗ്രേഡ് III ലൈബ്രേറിയൻ, ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, മുട്ടം, ഇടുക്കി.

ശ്രീ. മനോജ്. കെ.ബി, ഗ്രേഡ് III ലൈബ്രേറിയൻ, ഗവൺമെന്റ് മെഡിക്കൽ കോളേജ്, കോട്ടയം.

ശ്രീമതി. നിസ്സി സാമുവൽ, ഗ്രേഡ് III ലൈബ്രേറിയൻ, ഗവൺമെന്റ് പോളിടെക്നിക്ക് കോളേജ്, കൊരട്ടി, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തിരുവനന്തപുരം.

ഐ & പി ആർ ഡി [വെബ് & മീഡിയ]

www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Omkumar H S

സെക്ഷൻ ഓഫീസർ

Date: 27-06-2025 12:52:06